## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ</u>
<u>ചോദ്യം നമ്പർ: 896</u>

<u>07.02.2013 ൽ മറുപടിയ്ക്ക്</u>

## <u>പി.ഐ.പി യുടെ വക ഭൂമി വിട്ടുനൽകിയുള്ള റാന്നിയിലെ വികസന പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| | ശ്രീ. രാജു എബ്രഹാം | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | റാന്നി ഗവൺമെന്റ് ഐ.ടി.ഐയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പി.ഐ.പി വക റാന്നി ഉതിമൂട്ടിലെ വസ്തു വിട്ടു നൽകണമെന്നാവശ്യപ്പെട്ട് റാന്നി എം.എൽ.എ എന്നാണ് നിവേദനം നൽകിയത് ; | (എ) പി.ഐ.പി വക സ്ഥലത്തിൽ ഐ.ടി.ഐ ക്ക് 4 ഏക്കറും കൂടാതെ കിൻഫ്ര അപ്പാരൽ പാർക്കിന് 2 ഏക്കറും ആവശ്യപ്പെട്ടുകൊണ്ട് ബഹു.റാന്നി എം.എൽ.എ 12/05/10-ൽ കത്ത് നൽകിയിരുന്നു. ഐ.ടി.ഐ ക്ക് 3 ഏക്കർ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് വീണ്ടും 19.6.12-ൽ കത്ത് നൽകി. |
| (ബി) | പ്രസ്തുത നിവേദനത്തിന്മേൽ നടപടി എടുക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത് ; തീയതിയും ഫയൽ നമ്പരും ലഭ്യമാക്കാമോ ; | (ബി) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 17/5/2010-ലെ പിഡി 2-2323/10 നമ്പർ മേലെഴുത്ത് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, പിറവത്തെയും, എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഐ.പി ഡിവിഷൻ, ചെങ്ങന്നൂരിനെയും ചുമതലപ്പെടുത്തി. 19/07/2012-ലെ 15779 ഐ.ആർ.3/12/ജ.വി.വ നമ്പർ കത്ത് പ്രകാരം പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. |
| (സി) | ഇത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ട് സെക്ഷനാഫീസിൽ എന്നാണ് കത്ത് ലഭിക്കുന്നത് ; കോപ്പി ഹാജരാക്കാമോ ; | (സി) 7/6/2010-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പദ്ധതി വിഭാഗം, പിറവത്തിനും എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഐ.പി ഡിവിഷൻ ചെങ്ങന്നൂരിനും ലഭിക്കുകയുണ്ടായി. അയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇവിടെ നിന്നും അയച്ച റിപ്പോർട്ടും കത്തും ഏതൊക്കെ മേൽ ആഫീസ് വഴിയാണ് എത്തിയിട്ടുള്ളതെന്ന് ഓരോ ആഫീസിലെ ഫയൽ നമ്പരും തീയതിയും അയച്ച തീയതിയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; | (ഡി) എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഐ.പി ഡിവിഷൻ ഓഫീസിന്റെ 14/6/2010-ലെ ഡി 1. 851/08 നമ്പർ കത്ത് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയ റിപ്പോർട്ട് 29/6/2010-ലെ പിറവം പദ്ധതി വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കത്ത് നം.ഇ 3.1440/10 പ്രകാരം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിക്കുകയും അവിടെ നിന്ന് 12/7/2010-ലെ പിജി2-2323/10 കത്ത് പ്രകാരം സർക്കാരിന് ലഭ്യമാക്കിയിട്ടുമുണ്ട്. |
| (ഇ) ഇപ്പോൾ ഇത് സംബന്ധിച്ച ഫയൽ ആരുടെ പക്കലാണുള്ളത് ;<br>(എഫ്) പ്രസ്തുത റിപ്പോർട്ട് യഥാസമയം നൽകാത്തതിനുണ്ടായ കാലതാമസം ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചമൂലമാണ് ; പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി എടുക്കാൻ തയ്യാറാകുമോ ; | (ഇ) & (എഫ്) റാന്നി ഉതിമൂട് വലിയ കലുങ്ക് ഭാഗത്ത് പി.ഐ.പി. യുടെ മിച്ചഭൂമിയായി കിടക്കുന്നത് 2.27 ഏക്കർ മാത്രമാണ്. ഈ വിഷയം ജലവിഭവ വകുപ്പിൽ 18122/ഐ.ആർ 2/2010 ജ.വി.വ എന്ന ഫയലിലും റവന്യൂ വകുപ്പിൽ 50152/എ 1/2010/ ആർ.ഡി എന്ന നമ്പർ ഫയലിലും പരിശോധിച്ച് അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രക്ക് 1.40 ഏക്കർ സ്ഥലം 30 വർഷത്തേക്ക് പാട്ടത്തിന് വിട്ടു കൊടുത്തു കൊണ്ട് സർക്കാർ ഉത്തരവായി. പ്രസ്തുത ഉത്തരവ് നം.ജി.ഒ (എം.എസ്) 135/2011 റവ തീയതി 1/3/2011 ആണ്.<br>ലഭ്യമായ 2.27 ഏക്കർ സ്ഥലത്തിൽ 1.40 ഏക്കർ സ്ഥലം കിൻഫ്രക്ക് വിട്ട് കൊടുത്തിരിക്കെയാണ് ബഹു. എം.എൽ.എ 19/06/2012-ൽ 3 ഏക്കർ സ്ഥലം ആവശ്യപ്പെട്ട് വീണ്ടും കത്തെഴുതിയത്. പ്രസ്തുത കത്ത് 30863/ഐ.ആർ1/12/ജ.വി.വ എന്ന ഫയലിലാണ് കൈകാര്യം ചെയ്യുന്നത്. ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആരാഞ്ഞിരിക്കുകയാണ്.<br>ഈ വിഷയം കൈകാര്യം ചെയ്യുന്നതിൽ മനഃപൂർവ്വമായ വീഴ്ചയോ കാലതാമസമോ ഉണ്ടായതായി കാണുന്നില്ല. |

| | |
|---|---|
| (ജി) റാന്നി അയിരൂരിൽ സ്ഥാപിക്കുന്ന കെ.എച്ച്.ആർ.ഡി യുടെ അപ്ലൈഡ് സയൻസ് കോളേജിനായി പി.ഐ.പി യുടെ അയിരൂരിലുള്ള വസ്തു വിട്ടുനൽകണമെന്നാവശ്യപ്പെട്ട് റാന്നി എം.എൽ.എ എന്നാണ് നിവേദനം നൽകിയത് ; | (ജി) 06/07/2012-ൽ |
| (എച്ച്) അങ്ങയുടെ ആഫീസിൽ നിന്നും എന്നാണ് കത്ത് നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പിലേക്ക് അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എച്ച്) 10/07/2012-ൽ ചീഫ് എഞ്ചിനീയർ ഐ&എ യ്ക്ക് അയച്ചുകൊടുത്തു. |
| (ഐ) ഇതിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ പ്രോജക്ട് II, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരുടെ ഓഫീസുകളിൽ നടത്തിയ കത്തിടപാടുകളുടെയും റിപ്പോർട്ട് തിരികെ അയച്ചു കൊടുത്തിട്ടുള്ളതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;<br>(ജെ) പ്രസ്തുത റിപ്പോർട്ട് എന്നാണ് ലഭിച്ചത് ; | (ഐ) & (ജെ) ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്ത കത്ത് 04/08/12 ലെ മേലെഴുത്ത് നമ്പർ പി.ജി.2/4140/12 പ്രകാരം പിറവം പദ്ധതി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ പി.ഐ.പി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22/08/2012 ലെ ഇ 1. 889/12 നമ്പർ കത്ത് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ചുകൊടുത്ത റിപ്പോർട്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് 12/09/12 ലെ ഇ 6/2727/12 നമ്പർ കത്ത് പ്രകാരം അയയ്ക്കുകയും ചീഫ് എഞ്ചിനീയർ 17/10/12 ലെ പി.ജി.2/4140/12 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് 02/01/13 ൽ സർക്കാരിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (കെ) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; ഇതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വിശദമാക്കുമോ ; | (കെ) പ്രസ്തുത 94/ഐ.ആർ1/13/ജ.വി.വ നമ്പർ ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (എൽ) റാന്നി ഗവൺമെന്റ് ഐ.ടി.ഐ. ക്കും അയിരൂരിലെ അപ്ലൈഡ് കോളേജിനും പി.ഐ.പി. വക ഭൂമി വിട്ടുനൽകാനുള്ള ഫയലിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ? | (എൽ) നടപടി കൈക്കൊണ്ടു വരികയാണ്. |

അനുബന്ധം

No. IM/4467/10 /M (WR)

2323
12/5


RAJU ABRAHAM
(RANNI)
MEMBER
KERALA LEGISLATIVE ASSEMBLY
KANDANATTU
ANGADI P.O.
RANNI

Phone
Office 04735 227077
Res. 04735 225090
Thiruvananthapuram 0471-2512256
Mobile 9447125090


CAMP TVM
DATE 12/5/10

To SE for urgent report on the matter
14/5/10

ശ്രീമാൻ ശ്രീ: NK പ്രേമചന്ദ്രൻ,
ജലവിഭവവകുപ്പ് മന്ത്രി,

റാന്നിയിൽ ഗവ: ITI അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ Kinfra യുടെ Apparel park ഉം അനുവദിച്ചിട്ടുണ്ട്. റാന്നി പഞ്ചായത്തിൽ ഉതിമൂട് വലിയ കലുങ്കിൽ 818 വക [illegible] കിടക്കുന്ന ആറ് ഏക്കർ സ്ഥലത്തിൽ രണ്ട് ഏക്കർ Kinfra apparel park നും 4 ഏക്കർ ITI ക്കും അനുവദിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

CE (Irrig)-II
Examine & put up
12/05/2010

N. K. PREMACHANDRAN
MINISTER FOR WATER RESOURCES

OFFICE OF THE MINISTER FOR WATER RESOURCES
GOVT. SECTT.
TVPM.

വിശ്വസ്തതയോടെ,

രാജു എബ്രഹാം

Endt: on No: PG2-2323/10, dt. 17/5/2010

Copy forwarded to S.E, proj. circle, piravom / E.E, PIP-Dvn: -Chengannur. You are directed, to enquire into the matter and to check the feasibility of the project, availability of land etc; and also to report the matter to t/o, urgently.

E.E 17/5/P II

& C.E - Proj. II

[signature]